**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ തുറക്കുന്നതിനുള്ള മാർഗ്ഗരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ഡോ സുജിത് വിജയൻപിള്ള | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേരിട്ടുള്ള വിദ്യാഭ്യാസം പുനഃസ്ഥാപിക്കുന്നതിനുള്ള ആസൂത്രണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (എ) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ വകുപ്പിലെ ക്യു.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, ട്രേഡ് യൂണിയൻ സംഘടനകൾ, ജില്ലാ കളക്ടർമാർ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം ചേർന്ന് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന മാർഗ്ഗരേഖയിന്മേൽ അഭിപ്രായ ങ്ങളും, നിർദ്ദേശങ്ങളും ആരാഞ്ഞിരുന്നു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും, നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട് . കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ./ എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണ ത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. |
| (ബി) | കുട്ടികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണോ സ്കൂൾ തുറക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; മാർഗ്ഗരേഖ പാലിക്കപ്പെടുന്നുവെന്ന് | (ബി) | കുട്ടികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി ആരോഗ്യസുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ |

| | | | |
|---|---|---|---|
| | ഉറപ്പാക്കാനും എല്ലാ കുട്ടികളെയും സ്കൂളുകളിലേക്കെത്തിക്കാനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ? | | അധ്യാപകർ, ഇതര ജീവനക്കാർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിവർക്ക്ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. രക്ഷകർത്താക്കളുടെ സമ്മതത്തോടെ താല്പര്യമുള്ള കുട്ടികൾക്ക് മാത്രമാണ് സ്കൂളിൽ വരാൻ നിർദ്ദേശം നൽകിയിട്ടുള്ളത്. ബാക്കിയുള്ള കുട്ടികൾക്ക് നിലവിലെ ഓൺലൈൻ ക്ലാസ്സുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. കുട്ടികളുടെ ആരോഗ്യ സുരക്ഷ സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശത്തിൽ പരാമർശിക്കുന്ന കാര്യങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നു പരിശോധിക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ